## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3735      11.11.2019- ൽ മറുപടിയ്ക്ക്

## പ്രവാസി ഡിവിഡന്റ് പദ്ധതി

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസി നിക്ഷേപം ഉപയോഗപ്പെടുത്തുന്നതിനും പ്രവാസികൾക്ക് ഒരു സ്ഥിരവരുമാനം ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ച് പ്രവാസി ഡിവിഡന്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഉണ്ട്. പ്രവാസി ഡിവിഡന്റ് പദ്ധതി ആവിഷ്കരിച്ച് 02.09.2019-ലെ എസ്.ആർ.ഒ. നമ്പർ 650/2019 പ്രകാരം സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയിൽ ചേരുന്ന ഓരോ പ്രവാസിയിൽ നിന്നും എത്ര തുക വീതം നിക്ഷേപം സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എന്തു തുകയാണ് പ്രതിമാസം പെൻഷനായി ലഭിക്കുകയെന്നും വിശദമാക്കാമോ; | ബി)<br>&<br>സി) | 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ പ്രവാസി കേരളീയരിൽ നിന്നും സ്വീകരിക്കുകയും അത് സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾക്ക് കൈമാറി അടിസ്ഥാന സൗകര്യവികസനത്തിനായി വിനിയോഗിക്കുന്നതുമാണ്. ഇപ്പോൾ ഇപ്രകാരം നിശ്ചയിക്കപ്പെട്ട ഏജൻസി കിഫ്ബിയാണ്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നിക്ഷേപങ്ങൾ സ്വീകരിച്ച് കിഫ്ബിയ്ക്ക് കൈമാറും. കൈമാറ്റം ചെയ്യപ്പെടുന്ന തുകയ്ക്ക് നിലവിൽ കിഫ്ബി നൽകുന്ന 9% വിഹിതവും സർക്കാർ നൽകുന്ന 1% വിഹിതവും ചേർത്തുകൊണ്ട് നിക്ഷേപകർക്ക് 10% ഡിവിഡന്റാണ് നൽകുന്നത്. ആദ്യ മൂന്ന് വർഷങ്ങളിലെ 10% നിരക്കിലുള്ള ഡിവിഡന്റ് നിക്ഷേപതുകയോടൊപ്പം ചേർക്കും. ഈ തുകയുടെ 10% നിരക്കിലുള്ള ഡിവിഡന്റാണ് 4-ാം വർഷം മുതൽ നിക്ഷേപകനും തുടർന്ന് പങ്കാളിക്കും ലഭിക്കുന്നത്. ഡിവിഡന്റ് പ്രതിമാസമായി നൽകുന്നു. ജീവിത പങ്കാളിയുടെ കാലശേഷം നിക്ഷേപതുകയും |
| സി) | ഇപ്രകാരം സമാഹരിക്കുന്ന തുക എവിടെ നിക്ഷേപിക്കാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത തുക ഉൽപ്പാദനക്ഷമമായ മേഖലകളിൽ നിക്ഷേപിക്കുന്നതിനും അതുവഴി പദ്ധതിയുടെ നടത്തിപ്പും പെൻഷൻ വിതരണവും സുരക്ഷിതമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; നിക്ഷേപിക്കുന്ന തുകയ്ക്ക് സർക്കാർ ഗ്യാരന്റി നൽകാൻ തയ്യാറാവുമോ എന്നറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | ആദ്യ മൂന്നു വർഷത്തെ ഡിവിഡന്റും നോമിനി/ അനന്തരാവകാശിക്കു കൈമാറുന്നതോടെ പ്രതിമാസ ഡിവിഡന്റ് നൽകുന്നത് അവസാനിക്കും. കിഫ്ബി നിക്ഷേപ തുകയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**